**സ്വശാന്തരൂപേഷ്വിതരൈഃ സ്വരൂപൈ
രഭ്യർദ്യമാനേഷ്വനുകമ്പിതാത്മാ
പരാവരേശോ മഹദംശയുക്തോ
ഹ്യജോƒപി ജാതോ ഭഗവാൻ യഥാഗ്നിഃ (3-2-15)**

ശുകമുനി തുടർന്നു:
അല്ലയോ പരീക്ഷിത്തേ, ഉദ്ധവർ ഭഗവാനിൽ ഏറ്റവും ഭക്തിയുള്ളവനായിരുന്നു. ചെറുപ്പത്തിൽത്തന്നെ ഭഗവൽസ്സന്നിധിയിൽ ഉദ്ധവരെല്ലാം മറക്കുമായിരുന്നു. ഭക്ഷണം പോലും. വളരുന്തോറും അദ്ദേഹത്തിൽ ഭക്തി വർദ്ധിച്ചുവന്നു. വിദുരൻെറ വാക്കുകൾ ഉദ്ധവരെ ഭക്തിയുടെ പാരമ്യത്തിലെത്തിക്കുകയും കുറച്ചു നേരത്തേക്ക് അദ്ദേഹം അബോധാവസ്ഥയിലാവുകയും ചെയ്തു. പിന്നീട് കണ്ഠമിടറിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

"അല്ലയോ വിദുര: എത്ര കഷ്ടമെന്നു നോക്കൂ. ശ്രീകൃഷ്ണഭഗവാൻെറകൂടെ കഴിഞ്ഞിരുന്നവർക്കുപോലും അദ്ദേഹത്തിൻെറ തത്സ്വരൂപം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഭൂമിയിൽ ജീവിക്കുമ്പോൾത്തന്നെ, അദ്ദേഹം പരംപൊരുൾ തന്നെയാണെന്നു മനസിലാക്കാനവർക്കു കഴിഞ്ഞില്ല. സാധാരണ ഒരു മനുഷ്യനായി മാത്രമേ അവരദ്ദേഹത്തെ വീക്ഷിച്ചുള്ളു. കരുണകൊണ്ടുമാത്രമാണ് സാധാരണക്കാരുടെ ഇടയിൽ അദ്ദേഹം അവതരിച്ചത്.

വിദുരരേ, അദ്ദേഹത്തിൻെറ അഴകൊത്ത ശരീരം ഞാനെങ്ങനെ വർണ്ണിക്കും? ആഭരണങ്ങൾക്കഴകേകുന്ന താണവിടുത്തെ സൌന്ദര്യം. ആരൂപത്തിലദ്ദേഹം സാധാരണക്കാരണനായി ജീവിച്ചു. യുധിഷ്ഠിരൻെറ രാജസൂയയാഗസമയത്ത്, സൃഷ്ടികർത്താവ് തൻെറയെല്ലാകഴിവുകളും വിനിയോഗിച്ചുവെന്നു കൃഷ്ണഭക്തി യുള്ളവർക്കുതോന്നുമാറു തേജസുറ്റതായി ആരൂപം കാണപ്പെട്ടു. വൃന്ദാവനത്തിൽ കൃഷ്ണനെക്കണ്ട് ഗോപികമാർ സകലതും മറന്നുനിന്നു. അഗ്നി പലരൂപത്തിൽ കാണപ്പെടുന്നതുപോലെ ജനനമരണങ്ങളില്ലാ ത്തവനെങ്കിലും നിരാകാരവും സാകാരവുമായ ആ പരംപൊരുൾ ദിവ്യഗുണങ്ങളോടുകൂടി ഈ ഭൂമിയിൽ ജന്മമെടുത്തു. ശാന്തസ്വരൂപികളായ സ്വന്തം ഭാഗങ്ങളെ ശല്യപ്പെടുത്തുന്ന മറ്റുഭാഗങ്ങളെ നിയന്ത്രി ച്ചൊതുക്കാനായിട്ടാണദ്ദേഹമവതരിച്ചത്.

വിദുരരേ ഇതൊരു ദിവ്യാൽഭുതം തന്നെ. വസുദേവരുടേയും ദേവകിയുടേയും പുത്രനായിപ്പിറന്ന് ശത്രുക്കളിൽ (കംസൻ, കാലയവനൻ) പേടിയുള്ളവനായി അഭിനയിക്കുക. അച്ഛനമ്മമാരുടെ മുന്നിൽ തൊഴുതുനിന്നു കൊണ്ടദ്ദേഹം പറഞ്ഞു. "എന്നോട് ക്ഷമിച്ചാലും. കംസനോടുള്ള പേടി കൊണ്ട് നിങ്ങളെ സേവിക്കാനെനിക്കു കഴിയുന്നില്ല!." ദേവന്മാരടിപണിയുന്ന ആ നിന്തിരുവടി വെറുമൊരു രാജാവിനെ 'അല്ലയോ പ്രഭുവേ' എന്നു സംബോധനചെയ്യുന്നതു കാണുമ്പോൾ മനുഷ്യൻെറ പൊങ്ങച്ചവും മിഥ്യാഭിമാനവും ഞാനോർത്തുപോകുന്നു. ഭഗവാൻ എത്ര കരുണാമയനും ഭക്തവത്സലനുമാണെന്നോ? തന്നെ കൊല്ലാൻ ശ്രമിച്ച പൂതനയ്ക്ക് മോക്ഷമാണ് നൽകിയത്. തന്നെ വെറുത്ത ശിശുപാലനും മഹാഭാരതയുദ്ധത്തിൽ മരിച്ചുവീണവർക്കും ദയാവായ്പുനിറഞ്ഞ കടാക്ഷത്താൽ അവിടുന്നു മോക്ഷമേകി. അവരെയെല്ലാം ഞാൻ ഭഗവൽഭക്തന്മാരായി കണക്കാക്കുന്നു. ഭഗവാനെ വെറുത്തുവെങ്കിലും അവരുടെ മനസ്സ് ഭഗവാനിലുറച്ചിരുന്നുവല്ലോ. മറ്റാരേയെങ്കിലും നാം അഭയം തെടുന്നത് വിഡ്ഢിത്തമല്ലാതെന്താണ്? വിദുരരേ, ഭഗവാൻെറ ബാല്യം അൽഭുതം നിറഞ്ഞതായിരുന്നു. വൃന്ദാവനത്തിൽ അച്ഛൻേറയും അമ്മയുടേയും കൂടെ ജീവിച്ച കൃഷ്ണൻ ഗ്രാമവാസികളുടെ കണ്ണിലുണ്ണിയായിരുന്നു. അതേസമയം ഭീകരരാക്ഷസന്മാരെ കളിമട്ടിൽ അദ്ദേഹം ഇല്ലാതാക്കുകയും ചെയ്തു. വിഷമേറിയ കാളിയനെ ഒതുക്കി. ഗോവർദ്ധനപർവ്വതം ഉയർത്തിപ്പിടിച്ച് പശുക്കൾക്കുവേണ്ടി പൂജാദികൾ തുടങ്ങിവെച്ചു. അങ്ങിനെ സ്വജനാഭിവൃദ്ധിക്കായി അദ്ദേഹം പലതും ചെയ്തു. ആടിയും പാടിയും സൌന്ദര്യത്തിൻെറ പ്രതീകമായി വന്ന കൃഷ്ണൻ ഗ്രാമീണപെൺകൊടി കളുടെ ആഹ്ളാദത്തിന് കാരണവുമായി."